കുട്ടനാട് പാക്കേജ് പ്രൊഫ. സ്വാമിനാഥൻ വിഭാവന ചെയ്ത രീതിയിൽ തന്നെ കർഷകരും മറ്റു വിദഗ്ദ്ധരുമായി ആശയ വിനിമയം നടത്തി സമയബന്ധിതമായി പൂർത്തിയാക്കും. ഈ പാക്കേജിലെ പ്രധാന ഘടകങ്ങൾ കുട്ടനാട്ടിലെ നെൽകൃഷി വികസനവും അതുമായി ബന്ധപ്പെട്ട വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതിയുമാണ്. കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് 13-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച ധനസഹായം ഉൾപ്പെടെ ഈ വർഷത്തെ പ്രവർത്തനങ്ങൾക്കായി 175 കോടി രൂപ മാറ്റി വയ്ക്കുന്നു.

ഇടുക്കി ജില്ലയിലെ സുഗന്ധവ്യഞ്ജനം, തോട്ടവിളകൾ, മൃഗസംരക്ഷണം, ജലസേചനം എന്നീ മേഖലകളുടെ വികസനം ലക്ഷ്യമാക്കി വിവിധ ഏജൻസികളുടെ പങ്കാളിത്തത്തോടുകൂടി 765 കോടി രൂപയുടെ 'ഇടുക്കി പാക്കേജിന് 396 കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചുകഴിഞ്ഞു. ഈ വർഷം തന്നെ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതാണ്.

തൃശ്ശൂർ ജില്ലയിൽ കോൾ നിലങ്ങളുടെ വികസനത്തിന് നബാർഡിന്റെ സഹായത്തോടെ 400 കോടി രൂപയുടെ ഒരു ബൃഹത്പദ്ധതി നടപ്പിലാക്കുന്നതാണ്.

പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിലെ ആദിവാസി സമൂഹം ഉൾപ്പെടെയുള്ള ജനങ്ങളുടെ ഉന്നമനത്തിനായി 'അക്ഷയപാത്രം' എന്ന പേരിൽ ഒരു പദ്ധതി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന് 153 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. 12-ാം പദ്ധതി കാലയളവിൽ ഇത് നടപ്പിലാക്കുന്നതാണ്.

## വനം, വന്യജീവി

കേരളത്തിന്റെ അമൂല്യ സ്വത്തായ വനങ്ങളുടെ സംരക്ഷണവും പരിപാലനവും സർക്കാരിന്റെ പ്രധാന പ്രവർത്തനങ്ങളിൽ ഒന്നാണ്. അടുത്ത സാമ്പത്തിക വർഷം, വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്കായി 114 കോടി രൂപ വകയിരുത്തുന്നു.

വനസംരക്ഷണ പ്രവർത്തനങ്ങൾക്കായി 18 കോടി രൂപയും വനമേഖലയ്ക്ക് പുറത്ത് വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്ന പ്രവർത്തനങ്ങൾക്കായി 7.50 കോടി രൂപയും വകയിരുത്തുന്നു.

കേരളത്തിലെ പശ്ചിമഘട്ടത്തിൽ ഏകദേശം 300-ൽപ്പരം ഓർക്കിഡുകളാണ് കാണപ്പെടുന്നത്. അപൂർവ്വയിനം ഓർക്കിഡുകളെ സംരക്ഷിക്കുന്നതിനായി ഇടുക്കി ജില്ലയിലെ വാഗമണ്ണിൽ വനംവകുപ്പിന്റെ അധീനതയിലുള്ള വിനോദ സഞ്ചാരപ്രധാനമായ പ്രദേശത്ത് ഒരു ഓർക്കിഡ് ഉദ്യാനവും അനുബന്ധ സൗകര്യങ്ങളും സജ്ജീകരിക്കുന്നതിന് ഒരു കോടി രൂപ അനുവദിക്കുന്നു.

സംരക്ഷിത മേഖലയിൽ വനം-വന്യജീവി സമ്പത്ത് പരിരക്ഷിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കേന്ദ്ര സഹായത്തോടെ തൃശ്ശൂർ ജില്ലയിലെ പുത്തൂരിൽ 136 ഏക്കറോളം വരുന്ന വന ഭൂമി ഉപയുക്തമാക്കി അന്താരാഷ്ട്ര നിലവാരത്തിൽ ഒരു സുവോളജിക്കൽ പാർക്കും വന്യജീവി സംരക്ഷണ ഗവേഷണ കേന്ദ്രവും ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനത്തിന് 5 കോടി രൂപ വകയിരുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇക്കോ ടൂറിസത്തിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിലെ പുറക്കാട് പഞ്ചായത്തിലെ വനം വകുപ്പിന്റെ കൈവശമുള്ള സ്ഥലത്ത് 'ഗാന്ധി സ്മൃതിവനം' എന്ന പദ്ധതിക്കും വിവിധ ഇക്കോ ടൂറിസം പ്രോജക്ടുകൾ നടപ്പാക്കുന്നതിനുമായി 2 കോടി രൂപ മാറ്റിവയ്ക്കുന്നു.

തിരുവനന്തപുരം ജില്ലയിൽ കോട്ടൂരിലും, കാപ്പുകാട്ടും ആന സംരക്ഷണ കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള പ്രാഥമിക ചെലവുകൾക്കായി ഓരോ കോടി രൂപ മാറ്റിവയ്ക്കുന്നു.

ജനവാസകേന്ദ്രങ്ങളിൽ കടന്നുവന്ന് വന്യമൃഗങ്ങൾ വിളകൾ നശിപ്പിക്കുകയും മനുഷ്യജീവന് ഭീഷണി ഉയർത്തുകയും ചെയ്യുന്നത് സർവ്വസാധാരണമായിരിക്കുകയാണ്. വന്യമൃഗങ്ങളുടെ അക്രമ ഭീഷണി നിലനിൽക്കുന്ന പ്രദേശങ്ങളിൽ വസിക്കുന്നവരെ സംരക്ഷിക്കുന്നതിന് സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന വൈദ്യുത കമ്പിവേലികൾ നിർമ്മിക്കുന്നതിനും കിടങ്ങുകൾ കുഴിക്കുന്നതിനും നബാർഡുമായി ചേർന്ന് പദ്ധതി നടപ്പിലാക്കുന്നതിന് 12 കോടി രൂപ മാറ്റിവയ്ക്കുന്നു.

## ഗ്രാമ വികസനം

ഗ്രാമീണ ജനങ്ങളുടെ സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കി ഗ്രാമവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ (ദേശീയ ഗ്രാമീണ ജീവന ദൗത്യം) വഴി സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സംസ്ഥാന വിഹിതമായി ഈ വർഷം 10 കോടി രൂപ വകയിരുത്തുന്നു.

'ഇന്ദിരാ ആവാസ് യോജന' പ്രകാരം ഈ വർഷം 28,420 പുതിയ വീടുകൾ നിർമ്മിച്ചുനൽകുന്നതിനും 6,400 വീടുകൾ പുനരുദ്ധരിക്കുന്നതിനും സഹായം നൽകാൻ ഉദ്ദേശിക്കുന്നു. ഇതിനായി 40 കോടി രൂപ വകയിരുത്തുന്നു. ഈ പദ്ധതിപ്രകാരമുള്ള ധനസഹായം പട്ടികജാതിക്കാർക്ക് 2 ലക്ഷം രൂപയായും പട്ടികവർഗ്ഗക്കാർക്ക് 2.5 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. പൊതുവിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കുന്നതും 2 ലക്ഷം രൂപ വീതം സഹായം നൽകുന്നതുമാണ്.

## റവന്യൂ

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വിവിധ ഭൂപതിവ് നിയമങ്ങൾ അനുസരിച്ച് വനാവകാശരേഖ ഉൾപ്പെടെ 21782 കുടുംബങ്ങൾക്ക് പട്ടയം നൽകി. പട്ടയം ലഭിക്കുന്നതിനുള്ള വാർഷികവരുമാനപരിധി 24,000 രൂപയിൽ നിന്ന് 1 ലക്ഷം രൂപയായി ഉയർത്തി. മൂന്നാറിൽ 2009 ഏക്കർ കയ്യേറ്റഭൂമി തിരിച്ചുപിടിച്ചു. ഇത് സംരക്ഷിക്കാൻ പ്രത്യേക ഭൂസംരക്ഷണ സേനയും രൂപീകരിച്ചിട്ടുണ്ട്. മൂലമ്പിള്ളിയിൽ എല്ലാവർക്കും സ്വീകാര്യമായ പുനരധിവാസ പാക്കേജ് നടപ്പിലാക്കിവരുന്നു. ചെങ്ങറ ഭൂസമരം അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

റവന്യൂ വകുപ്പിൽ നിന്ന് 23 സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകുന്ന റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം പാലക്കാട് ജില്ലയിൽ പ്രവർത്തനമാരംഭിച്ചു. ഇത് മറ്റു ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതാണ്. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട ജനങ്ങളുടെ ആവശ്യങ്ങൾക്കും പരാതികൾക്കും അതിവേഗം പരിഹാരം കാണുന്നതിനുവേണ്ടി റവന്യൂ വകുപ്പുമന്ത്രിയുടെ ഓഫീസിനോടനുബന്ധിച്ച് ഒരു റവന്യൂ സെൽ രൂപീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly